ബഹുമാനപ്പെട്ട ഹൈക്കോടതി ഈ തീരുമാനം ഒരു വർഷത്തിനകം നടപ്പാക്കണമെന്ന് പറഞ്ഞു. 2001 ജനുവരി മാസത്തിൽ അതിന്റെ കാലാവധി പൂർത്തിയായി. വീണ്ടും കാത്തിരുന്നു. ഇപ്പോൾ ഈ ഭൂവുടമകൾ നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ കവാടത്തിൽ അനിശ്ചിതകാല റിലേ നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി നാളെ ഒരു കോൺഫറൻസ് വിളിച്ചതായി അറിയുന്നു. കാഞ്ഞൂർ പഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും അവർക്ക് പണം നൽകുന്നതു സംബന്ധിച്ചും ചർച്ചയ്ക്ക്, അവിടുത്തെ ഭൂവുടമകളെ ക്ഷണിച്ചിട്ടില്ല. അടിയന്തിരമായി ആ സമരം അവസാനിപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനറൽബോഡി യോഗത്തിൽ ഉറപ്പുനൽകിയിരുന്നതാണ്. ആ ഉറപ്പ് പാലിക്കണം. ഹൈക്കോടതിവിധി മാനിക്കണം ആ സമരം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനായി സ്ഥലം ഏറ്റെടുക്കണമെന്നും ഏറ്റെടുക്കൽ നടപടികളിൽനിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ വെവ്വേറെ കേസുകൾ നിലവിലുണ്ടായിരുന്നു. ഈ കേസുകളുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവച്ചുകൊണ്ട് കോടതി ഉത്തരവ് നൽകി. വിമാനമിറങ്ങുന്നതിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് സൊസൈറ്റി ഇതിനകം മുറിച്ചുമാറ്റുകയും അതിനുള്ള കോമ്പൻസേഷൻ മുഴുവൻ നൽകുകയും ചെയ്തു. ഈ സാഹചര്യത്തിൽ നോട്ടിഫൈ ചെയ്ത സ്ഥലം ഇനി ആവശ്യമില്ലെന്നും സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് കോമ്പൻസേഷൻ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ പൊന്നും വിലയ്ക്കെടുക്കൽ നടപടികൾ നിർത്തിവയ്ക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സൊസൈറ്റി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. എൽ.എ. നടപടികൾ നിർത്തിവച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സൊസൈറ്റി ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതനുസരിച്ച് എൽ.എ. നടപടികൾ പിൻവലിക്കുവാൻ അനുവദിക്കണമെന്ന് ജില്ലാ കളക്ടർ കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ മേൽ നടപടികൾ സ്വീകരിക്കുവാൻ ഇനി നിർവ്വാഹമുള്ളൂ.

(5) തിരുവനന്തപുരത്തെ ഭക്തിവിലാസം പോലീസ് ക്വാർട്ടേഴ്സിനടുത്ത് പുതുതായി നിർമ്മിച്ച നാലുനിലകെട്ടിടം താമസത്തിനായി തുറന്ന് കൊടുത്തപ്പോഴുണ്ടായ പ്രശ്നങ്ങൾ

ശ്രീ. ബി. വിജയകുമാർ : സർ, തിരുവനന്തപുരത്ത് ജഗതിയിൽ 45 വർഷങ്ങൾക്ക് മുൻപ് പോലീസുകാർക്കുവേണ്ടി പണികഴിപ്പിച്ച ഭക്തിവിലാസം പോലീസ് ക്വാർട്ടേഴ്സിൽ 91 പോലീസുകാരുടെ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അടുത്തകാലത്ത് ഇവിടെ പുതുതായി ഒരു നാലുനില കെട്ടിടം നിർമ്മിച്ച് എട്ട് ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്കായി അലോട്ടുചെയ്തു. തുടർന്ന് നിലവിലുള്ള ക്വാർട്ടേഴ്സുകളിലേയ്ക്കുള്ള ഒരു പൊതുവഴി

LIBRARY ARCHIVES Kerala Legislative Assembly

ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന സാധാരണ പോലീസുകാരുടെ കുടുംബങ്ങൾക്ക് പുറത്തിറങ്ങുവാൻ കഴിയാത്തവിധം കമ്പിവേലി കെട്ടി അടയ്ക്കുവാനും പുതുതായി നിർമ്മിച്ച ബഹുനില മന്ദിരത്തിനു മുൻപിലുള്ള നാലു ക്വാർട്ടറുകൾ പൊളിച്ചുനീക്കാനും ശ്രമം നടന്നപ്പോൾ അവിടെയുള്ള സാധാരണ പോലീസുകാരുടെ കുടുംബങ്ങളിൽപ്പെട്ടവർ അതു തടയുവാൻ ശ്രമിച്ചു. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ കുടുംബങ്ങൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നത് അവിടെ താമസിക്കുന്ന സാധാരണ പോലീസുകാരുടെ കുടുംബങ്ങളെ ഉപദ്രവിച്ചുകൊണ്ടാകരുത്. മെച്ചപ്പെട്ട സൗകര്യങ്ങൾക്കായി ഏർപ്പെടുത്തുന്ന പരിഷ്ക്കാരങ്ങൾ എല്ലാപേർക്കും സ്വീകാര്യമായിരിക്കുവാൻ ശ്രദ്ധിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, തിരുവനന്തപുരം നഗരത്തിൽ പോലീസുദ്യോഗസ്ഥന്മാരുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി അടുത്തകാലത്ത് ഭക്തിവിലാസം കോംപൗണ്ടിൽ ഒരു നാലുനില കെട്ടിടം നിർമ്മിക്കുകയുണ്ടായി. ഇതിനു മുൻപിലുള്ള ക്വാർട്ടേഴ്സുകൾ പൊളിച്ചുനീക്കാനോ, പൊതുവഴി കെട്ടിയടയ്ക്കാനോ ക്വാർട്ടേഴ്സിലെ താമസക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിലുള്ള മറ്റേതെങ്കിലും പരിഷ്ക്കാരങ്ങൾക്കോ ഉദ്ദേശമില്ല. എല്ലാ വിഭാഗം ഉദ്യോഗസ്ഥന്മാരുടെയും പൊതുതാൽപ്പര്യം സംരക്ഷിക്കുന്ന സമീപനം മാത്രമേ ഇക്കാര്യത്തിൽ സ്വീകരിക്കൂ. അതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ ബിന്ദു എന്ന പെൺകുട്ടി ആർ.എസ്. എസ്.കാരാൽ പീഡിപ്പിക്കപ്പെട്ടത് സംബന്ധിച്ച്

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്, ശ്രീ. എം. വി. ജയരാജൻ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നീ മെമ്പർമാർ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്. ആരാണ് ഉന്നയിക്കുന്നത് ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. ആരാണ് ഉന്നയിക്കുന്നത് എന്ന് നിങ്ങൾ നിശ്ചയിച്ചാൽ മതി.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ ഉന്നയിക്കാം.

മി. സ്പീക്കർ : Yes, ശ്രീ. എം. വി. ജയരാജൻ .....

ശ്രീ. എം. വി. ജയരാജൻ : സർ, ഞങ്ങളെല്ലാവരും എഴുതിത്തരാൻ കാരണം ഈ സംഭവത്തിന് വളരെയധികം പ്രാധാന്യവും അതീവ ഗൗരവവും ഉള്ളതുകൊണ്ടാണ്. കഴിഞ്ഞ വെള്ളിയാഴ്ച കണ്ണൂർ ജില്ലയിൽ മട്ടന്നൂരിനടുത്ത് പട്ടാനൂർ കൊട്ടോളിപ്രം എന്ന പ്രദേശത്ത് 20 വയസ് മാത്രം പ്രായമുള്ള ഡി.വൈ.എഫ്.ഐ. പട്ടാനൂർ വില്ലേജ് കമ്മിറ്റി അംഗവും മഹിളാ അസോസിയേഷൻ യൂണിറ്റ് പ്രസിഡന്റുമായിട്ടുള്ള ബിന്ദുവിനെ ഒരുകൂട്ടം ആർ.എസ്.എസ്. കാർ പ്രാകൃതമായ രീതിയിൽ പീഡിപ്പിച്ചു. വീടിനു സമീപമുള്ള വയലിൽ പച്ചക്കറികൃഷിക്ക് വെള്ളം കോരി, തിരിച്ചുവരുന്ന വഴി മദ്ധ്യേ ഒരുകൂട്ടം ക്രിമിനലുകളായിട്ടുള്ള ആർ.എസ്.എസ്സുകാർ ആ

LIBRARY ARCHIVES Kerala Legislative Assembly